(സി) എങ്കിൽ സിനിമാ വ്യവസായത്തിന്റെ തകർച്ചയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരുമാനത്തിലെ കുറവും പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) വ്യാജ വീഡിയോ കാസറ്റുകൾ വിദേശത്തുനിന്നും കടത്തിക്കൊണ്ടുവരുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ വ്യാജ വീഡിയോ കാസറ്റുകളുടെ കള്ളക്കടത്തു തടയുന്നതിനായി എയർപോർട്ടുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ-സി) വ്യാജ വീഡിയോ കാസറ്റുകൾ പെരുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ വീഡിയോ കാസറ്റുമായി ബന്ധപ്പെട്ട സംഭവങ്ങളിന്മേൽ ആഭ്യന്തരവകുപ്പിൽ നിന്നും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാജവീഡിയോ കാസറ്റുകൾ പിടിച്ചെടുത്ത് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ കീഴിൽ കൊച്ചി ആസ്ഥാനമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിലും വ്യാജ കാസറ്റുകൾ കണ്ടുപിടിക്കുന്നതിനുള്ള സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിലെ സെല്ലിന്റെ ചാർജ് ഒരു ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്പി. യുടെ കീഴിലാണ്. ഈ സെല്ലിന്റെ ഉദ്യോഗസ്ഥർ റെയിഡുകൾ നടത്തുകയും വ്യാജ സിനിമാ കാസറ്റുകൾ പിടിച്ചെടുത്ത് അനന്തര നടപടികൾ സ്വീകരിക്കുകയും ചെയ്യും.

(ഡി & ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അംഗവൈകല്യമുള്ള കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പദ്ധതി**

21 (* 556) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. എ. കണാരൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗവൈകല്യമുള്ള കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനമൊട്ടാകെ അംഗവൈകല്യമുള്ള എത്ര കുട്ടികളെ പ്രസ്തുത പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം വികലാംഗ വിദ്യാർത്ഥികൾക്ക് നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ഇ) എങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) അംഗവൈകല്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ ഇതുവരെ എന്തു തുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കാറുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) വിദ്യാസമ്പന്നരായ വികലാംഗരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെങ്കിലും പുതിയ പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശമുണ്ടോ ;

(ഐ) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ജെ) സംസ്ഥാനത്ത് വികലാംഗ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ പദ്ധതി വിപുലീകരിക്കുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്. വികലാംഗ വിദ്യാർത്ഥികൾക്കായുള്ള സംയോജിത വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പൊതു വിദ്യാലയങ്ങളിൽ സാധാരണ കുട്ടികൾക്കൊപ്പം വിവിധ വൈകല്യമുള്ള കുട്ടികൾക്കും തുല്യ പരിഗണന നൽകി വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത വിദ്യാഭ്യാസ പദ്ധതി. നേരിയ തോതിലോ ശരാശരിക്ക് താഴെയോ വൈകല്യം ബാധിച്ചിട്ടുള്ള എല്ലാ കുട്ടികളെയും ഈ പദ്ധതിയിലൂടെ പൊതു വിദ്യാഭ്യാസ ധാരയിൽ നിലനിർത്തി വ്യക്തിത്വ വികസനത്തിന് അവസരം നൽകുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. നേത്രവൈകല്യം, ശ്രവണ വൈകല്യം, ചലന വൈകല്യം, പഠന വൈകല്യം, ബുദ്ധിമാന്ദ്യം എന്നീ വിഭാഗത്തിലുള്ള കുട്ടികൾ ഈ പദ്ധതിയിൽപ്പെടുന്നു. ഈ പദ്ധതിയിൻ കീഴിൽ താഴെ പറയുന്ന ധനസഹായങ്ങൾ വികലാംഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്.

| | | | |
|---|---|---|---|
| 1 | ബുക്സും സേറ്റേഷനി അലവൻസും | - 400 രൂപ | (പ്രതിവർഷം) |
| 2 | യൂണിഫോം അലവൻസ് | - 200 രൂപ | (പ്രതിവർഷം) |
| 3 | യാത്രാബത്ത | - 500 രൂപ | " |
| 4 | വായന (സഹായിക്ക്) (കാഴ്ച പരിമിതിയുള്ളവർക്കു മാത്രം അഞ്ചാം ക്ലാസ്സിനു ശേഷം) | - 500/- രൂപ | " |

LIBRARY ARCHIVES Kerala Legislative Assembly

(5) യാത്രാ സഹായിക്ക് - 750/- രൂപ (പ്രതിവർഷം)

(6) ഉപകരണങ്ങൾക്ക് (കൂടിയ തുക) - 2000/- രൂപ "

സ്കൂളിലെ പ്രഥമ അദ്ധ്യാപകർ നൽകുന്ന കുട്ടികളുടെ കണക്കനുസരിച്ചും ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ശുപാർശ അനുസരിച്ചും വിദ്യാഭ്യാസ ഡയറക്ടർ, അതാത് ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് കുട്ടികൾക്ക് ധനസഹായ വിതരണത്തിനായി ഫണ്ട് അനുവദിച്ചു കൊടുക്കുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ മൂന്നു കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. കഴിഞ്ഞ വർഷം 22960 കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നു. അരയ്ക്കു താഴെ വൈകല്യമുള്ള കുട്ടികൾക്ക് സ്കൂളിനകത്ത് തടസ്സം കൂടാതെ സഞ്ചരിക്കുന്നതിന് നടപ്പാതകൾ സ്ലോപ്പ് ചെയ്യുന്നതിനും വീൽ ചെയർ കൊണ്ടുപോകുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നു. ഇതിനകം സംസ്ഥാനത്ത് 36 സ്കൂളുകളിൽ ഇത് നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ ഡയറ്റുകൾ മുഖാന്തിരം വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ബോധവൽക്കരണം നടത്തി വരുന്നു. ഡി. പി. ഇ. പി.-യും ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി പ്രത്യേകം തുക നീക്കി വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തൊട്ടാകെ അംഗവൈകല്യമുള്ള 22960 വിദ്യാർത്ഥികളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഡി & ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14 ജില്ലകളിലായി പ്രത്യേക പരിശീലനം നേടിയ 177 അദ്ധ്യാപകരെ ഈ വിദ്യാർത്ഥികളെ സഹായിക്കാനായി നിയമിച്ചിട്ടുണ്ട്. സാധാരണ സ്കൂളുകളിലെ അദ്ധ്യാപകർക്ക് വികലാംഗരായ വിദ്യാർത്ഥികളെ പഠിപ്പിക്കാനുള്ള മാർഗ്ഗ നിർദ്ദേശം നൽകുക, പഠനോപാധികൾ നിർമ്മിച്ചുകൊടുക്കുക, പരീക്ഷാ സംപ്രദായത്തിൽ വേണ്ട മാറ്റം വരുത്തുക, അവധി ദിവസങ്ങളിൽ കുട്ടിക്കുവേണ്ട പ്രത്യേക സഹായങ്ങൾ ചെയ്തു കൊടുക്കുക (ഓഡിറ്ററി, ട്രെയിനിംഗ്, ലിപ്പ് റീഡിംഗ്, മോഡിലിറ്റി ട്രെയിനിംഗ്, വായിച്ചു കൊടുക്കുക, ബ്രയിൽ പഠിപ്പിക്കുക) മുതലായവയിലൂടെ ഇവർക്ക് പാഠഭാഗങ്ങൾ പഠിക്കാനുള്ള പ്രത്യേക സഹായവും ഈ പദ്ധതിയിലൂടെ നൽകി വരുന്നുണ്ട്.

(എഫ്) 1999-2000 വർഷത്തിൽ ഏകദേശം രണ്ടര കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. ഡി. പി. ഇ. പി. യുടെ കീഴിൽ 29-2-2000 വരെ 15.59 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ ഈ വർഷം 2,65,89,600 (രണ്ടു കോടി അറുപത്തഞ്ച് ലക്ഷത്തി എൺപത്താൻപതിനായിരത്തി അറുനൂറ് രൂപ) അനുവദിച്ചു. ആദ്യഗഡുവായി 1,32,94,800 രൂപ (ഒരു കോടി മുപ്പത്തിരണ്ടു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറു രൂപ) ലഭിച്ചു. ഈ പദ്ധതി നടപ്പാക്കുന്നതിനായി ഡി. പി. ഇ. പി. യ്ക്ക് പ്രത്യേക സഹായമൊന്നും കേന്ദ്ര സർക്കാർ നൽകുന്നില്ല. എന്നാൽ ഡി.പി.ഇ.പി. പദ്ധതിക്കുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്ന മൊത്തം കേന്ദ്ര സഹായത്തിൽ നിന്നും 250.72 ലക്ഷം രൂപ വിവിധ വൈകല്യങ്ങളുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി നീക്കി വച്ചിട്ടുണ്ട്.

(എച്ച് & ഐ) വിദ്യാസമ്പന്നരായ വികലാംഗരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി വികലാംഗർക്കായി ഒരു തൊഴിൽ പരിശീലന കേന്ദ്രം പൂജപ്പുര ഗവൺമെന്റ് ഹൈസ്കൂളിൽ തുടങ്ങിയിട്ടുണ്ട്. കംപ്യൂട്ടർ പരിശീലനം, തയ്യൽ പരിശീലനം, ഇലക്ട്രോണിക് ഉപകരണങ്ങൾ നന്നാക്കുക, മോട്ടോർ മെക്കാനിസം തുടങ്ങിയവ ഈ ട്രെയിനിംഗ് സെന്ററിൽ പഠിപ്പിച്ചു വരുന്നു.

(ജെ) വികലാംഗ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലയിലും വികലാംഗരായ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളിൽ അവർക്കാവശ്യമായ പഠന ഉപകരണങ്ങൾ, പ്രത്യേക സഹായം, മുതലായവ നൽകാനുള്ള സംവിധാനം നടപ്പാക്കാനായി 14 വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡി. പി. ഇ. പി. നടപ്പിലാക്കി വരുന്ന ജില്ലകളിൽ അംഗവൈകല്യമുള്ള കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി കൂടുതൽ പരിശീലനവും നൽകിവരുന്നുണ്ട്.

## ഹെറിറ്റേജ് കമ്മീഷന്റെ രൂപീകരണം

22 (* 557) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ 'സാംസ്ക്കാരിക നയം' പ്രഖ്യാപിച്ചതിനുശേഷം ഈ രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ പുരാതന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും നഗര സൗന്ദര്യം വർദ്ധിപ്പിക്കുന്നതിനുമായി ഒരു ഹെറിറ്റേജ് കമ്മീഷൻ രൂപവൽക്കരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിന്റെ രൂപീകരണം എന്നത്തേയ്ക്ക് സാദ്ധ്യമാവുമെന്ന് അറിയിക്കുമോ ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) വിദ്യാലയങ്ങളിൽ സാംസ്കാരിക പ്രവർത്തനങ്ങൾ നിരന്തരം നടത്തിക്കൊണ്ടുപോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിന്റെ ഭാഗമായി സാഹിത്യവേദികൾ രൂപീകരിക്കുക, പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിക്കുക, കൈയെഴുത്ത് മാസികകൾ പ്രസിദ്ധീകരിക്കുക, കുട്ടികളുടെ ചലച്ചിത്രോത്സവം സംഘടിപ്പിക്കുക തുടങ്ങിയവയും ഗ്രാമങ്ങളെ കേന്ദ്രീകരിച്ച് സാംസ്ക്കാരിക

LIBRARY ARCHIVES Kerala Legislative Assembly